പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 677 — 28.09.2016 ന് മറുപടിയ്ക്ക്.

## റാന്നി സർക്കാർ ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) റാന്നി സർക്കാർ ഐ.ടി.ഐ. എന്നാണ് ആരംഭിച്ചതെന്നും ഇവിടെ എന്തൊക്കെ കോഴ്സുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ; | (എ) 2011 ആഗസ്റ്റ് മാസം മുതൽ ഗവ. ഐ.ടി.ഐ റാന്നി പ്രവർത്തനം ആരംഭിച്ചു. ടി സ്ഥാപനത്തിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രോണിക് മെക്കാനിക്ക് എന്നീ ട്രേഡുകൾ 2 യൂണിറ്റ് വീതം നിലവിലുണ്ട്. |
| ബി) നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്ന റാന്നി പഞ്ചായത്തിന്റെ കെട്ടിടത്തിൽ മതിയായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ലഭ്യമായ സ്ഥലത്ത് പുതിയ കെട്ടിടം പണിത് ഐ.ടി.ഐ. പുതിയ സ്ഥലത്തേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ; | (ബി) ലഭ്യമായ സ്ഥലത്ത് ഐ.ടി.ഐയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക 2017 - 18 ലെ ബഡ്ജറ്റിൽ വകയിരുത്തുന്ന കാര്യം ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) ഐ.ടി.ഐ. യ്ക്കായി റാന്നി പഞ്ചായത്തിലെ ഉതിമൂട്ടിൽ ഉള്ള പി.ഐ.പി. വക സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര സ്ഥലം വിട്ടു നൽകാനാണ് പഞ്ചായത്ത് സന്നദ്ധത അറിയിച്ചതെന്ന് വിശദമാക്കുമോ? | (സി) ഉണ്ട്. റാന്നി താലൂക്കിൽ റാന്നി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ള (പി.ഐ.പി.ലാൻഡ്) ബ്ലോക്ക് നം. 6 ൽ റീസർവ്വെ 534 ൽപ്പെട്ട 74.90 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കി ഐ.ടി.ഐ സ്ഥാപിക്കുന്നതിന് വകുപ്പിന് ഉപയോഗാനുമതി നൽകി സ.ഉ (കൈയെഴുത്ത്) നം. 430/16/റവന്യൂ തീയതി 30.07.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. സ്ഥലം വകുപ്പിന് വേണ്ടി ഏറ്റെടുക്കുന്നതിനായി റാന്നി ഐ.ടി.ഐ പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ